# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - നിയമസഭാ ചോദ്യങ്ങളുടെ മറുപടികൾ യഥാസമയം നിയമസഭയിൽ ലഭ്യമാക്കുന്നതിനുള്ള ലെയ്സൺ ഓഫീസറായി ശ്രീമതി.കെ.ആർ.പഴനിയമ്മ, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയം ഭരണ (പിഎസ്) വകുപ്പിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## തദ്ദേശ സ്വയം ഭരണ (പി എസ്) വകുപ്പ്

**സ.ഉ.(സാധാ) നം. 14/2016/തസ്വഭവ        തിരുവനന്തപുരം,തീയതി, 04.01.2016**

---

പരാമർശം:- നിയമസഭാ സെക്രട്ടറിയുടെ 28.12.2015 ലെ 6890/ക്യു.എൻ.ബി1/2015/നി.സെ നമ്പർ കത്ത്

## ഉത്തരവ്

നിയമസഭാ സാമാജികർ ചോദിക്കുന്ന വിവിധ ചോദ്യങ്ങൾക്കുള്ള മറുപടികൾ അവ സഭയിൽ ഉന്നയിക്കുന്ന ദിവസത്തിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുൻപായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കണമെന്ന് ചട്ടം 47(1) നിഷ്കർഷിച്ചിട്ടുണ്ട്. അതുപോലെ ഇടക്കാല മറുപടിയോ ഭാഗിക മറുപടിയോ ആണ് ലഭ്യമാക്കുന്നതെങ്കിൽ ആ സമ്മേളനം അവസാനിക്കുന്നതിന് മുൻപോ തൊട്ടടുത്ത സമ്മേളന കാലയളവിലോ ലഭ്യമാക്കണമെന്ന് ചട്ടം 47(2)ലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചില വകുപ്പുകൾ ഇതിൽ വീഴ്ച വരുത്തുന്നതായി പരാമർശത്തിലെ കത്ത് മുഖേന നിയമസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഭാവിയിൽ നിയമസഭാ ചോദ്യങ്ങൾക്കുള്ള പൂർണ്ണമായ മറുപടി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിക്കുന്നതിനുള്ള നടപടികൾ ചട്ടപ്രകാരം എടുക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ഓരോ വകുപ്പുകളിലും ഓരോ ലെയ്സൺ ഓഫീസറെ ചുമതലപ്പെടുത്തണമെന്നും പരാമർശത്തിലെ കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ലെയ്സൺ ഓഫീസറായി ശ്രീമതി.കെ.ആർ.പഴനിയമ്മ, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയം ഭരണ (പിഎസ്) വകുപ്പിനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി ഉദ്യോഗസ്ഥയ്ക്ക് സ്ഥലംമാറ്റമോ സ്ഥാനക്കയറ്റമോ ലഭിക്കുന്ന പക്ഷം ടി തസ്തികയിൽ പുതുതായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ലെയ്സൺ ഓഫീസറുടെ ചുമതലകൾ തുടർന്നും നിർവ്വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പി.കൃഷ്ണ ശർമ്മ**

**അഡീഷണൽ സെക്രട്ടറി**

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)
ശ്രീമതി.കെ.ആർ.പഴനിയമ്മ, ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയം ഭരണ (പിഎസ്)വകുപ്പ്
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
പൊതുഭരണ (എസ് സി) വകുപ്പ്
പാർലമെന്ററി കാര്യ വകുപ്പ്
ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രിയുടെ പി.എസിന്
ബഹു. ഗ്രാമവികസന വകുപ്പ മന്ത്രിയുടെ പി.എസിന്
ബഹു.നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ മന്ത്രിയുടെ പി.എസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി (നഗരകാര്യം) യുടെ പിഎസിന്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**